**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2344** **13-09-2023 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനും തുടർന്നുള്ള സജ്ജീകരണത്തിനുമായി കിഫ്ബിയിൽ വകയിരുത്തിയ തുക എത്രയാണെന്ന് വിശദമാക്കാമോ; | (എ) | ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനും തുടർന്നുള്ള സജ്ജീകരണത്തിനുമായി 70.51 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 50.47 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥയെന്താണ്; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ 96 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2023 സെപ്റ്റംബർ 30 -ഓടെ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; ആയതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത ആശുപത്രിയിൽ കാഷ്വാലിറ്റി, റേഡിയോ ഡയഗ്നോസിസ്, ഒ.പി, ജനറൽ സർജ്ജറി, ഫാർമസി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, വാർഡുകൾ, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ, ഡയാലിസിസ് യൂണിറ്റ് എന്നിവയാണ് സജ്ജീകരിക്കുന്നത്. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് അധികമായി അനുവദിക്കുന്നതെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ഡി) | അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ